FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

10 MAY 2019

04 RAMADAN 1440 AH

# MOON SIGHTING & RAMADAN FASTING
## ചന്ദ്രക്കല ദർശനവും റമദാൻ വ്രതാനുഷ്ഠാനവും

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ചന്ദ്രക്കല ദർശനവും റമദാൻ വ്രതാനുഷ്ഠാനവും** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റെയും സത്യാസത്യവിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമദാൻ. അതുകൊണ്ട്, നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ ( ആ മാസത്തിൽ വ്രതമനുഷ്ഠിക്കട്ടെ 2:186 (സൂറത്തു അൽബഖറ)

അൽഹംദുലില്ലാഹ്! സുമ്മഅൽഹംദുലില്ലാഹ്! റമദാൻ നമ്മെ ഒരിക്കൽകൂടി അഭിവാദ്യം ചെയ്തിരിക്കുന്നു. അതിന്റെ അനുഗ്രഹത്തിന്റെ കിരണങ്ങളുമായി, അതിന്റെ എല്ലാ കാര്യങ്ങളിലും പങ്കുകൊള്ളാൻ നമ്മെ അതു സഹർഷം ക്ഷണിക്കുകയാണ്. അങ്ങനെ ആയാൽ അല്ലാഹു(ത)യുടെ സംതൃപ്തി നമുക്ക് എത്തിപ്പിടിക്കുവാൻ സാധിക്കുന്നതാണ്.

തമിഴ്നാട്ടിൽ നിന്നുള്ള എന്റെ ഒരു അനുചരന്റെ ചോദ്യത്തിന്റെ അനന്തരഫലങ്ങൾ എന്ന നിലയിൽ, മുഴു മുസ്ലിം ഉമ്മത്തിനും, പ്രയോജനകരമെന്ന നിലയിൽ, ചന്ദ്രക്കല ദർശനവും, റമദാൻ മാസത്തിലെ വ്രതാനുഷ്ഠാനവും എന്ന വിഷയത്തെ അതികരിച്ച് ചില കാര്യങ്ങൾ വ്യക്തമാക്കുവാൻ, ഞാൻ ആഗ്രഹിക്കുകയാണ്.

അനുഗൃഹീതമായ അല്ലാഹു(ത)യുടെ വാക്കുകളും കല്പനകളും അടങ്ങിയ വിശുദ്ധഖുർആനും, അതോടൊപ്പം ഖാത്തമുന്നബിയ്യീൻ മുഹമ്മദ് (സ)യും, നമ്മുടെ ശ്രദ്ധ ഒരു കാര്യത്തിൽ ക്ഷണിച്ചുകൊണ്ടിരിക്കുന്നു. അതായത് റമദാൻ മാസം ആരംഭിക്കുന്നതിന് ചന്ദ്രക്കല ദർശനം ഉണ്ടാകേണ്ടതാണ്, അതുപോലെ റമദാൻ വ്രതം അവസാനിപ്പിക്കുവാനും ഈദുൽഫിത്ർ ആഘോഷത്തിനും തുടക്കമാകാനും ചന്ദ്രക്കല ദർശനം ഉണ്ടാകേണ്ടതാണ്.

ഇബ്നു ഉമർ(റ) വിവരിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ദൂതൻ (സ) പറയുന്നതു ഞാൻ കേൾക്കുകയുണ്ടായി, റമദാൻ മാസത്തിന്റെ ചന്ദ്രക്കല നിങ്ങൾ കണ്ടാൽ, നിങ്ങൾ വ്രതാനുഷ്ഠാനം ആരംഭിക്കുകയും (ശവ്വാൽ മാസത്തിൽ) ചന്ദ്രക്കല നിങ്ങൾ കണ്ടാൽ വ്രതാനുഷ്ഠാനം അവസാനിപ്പിക്കുകയും ചെയ്യുക. ഇനി ആകാശം മേഘാവൃതമായിരുന്നാൽ(ചന്ദ്രക്കല നിങ്ങൾക്ക് കാണുവാൻ കഴിയുന്നില്ലെങ്കിൽ) അപ്പോൾ നിങ്ങൾ റമദാൻ മാസം മുപ്പത് പൂർത്തിയാക്കിയിട്ട് (ഈദ് ആഘോഷിക്കുക) (ബുഖാരി, മുസ്ലിം)

ഞാൻ എടുത്തുപറഞ്ഞ ഖുർആൻ വചനത്തിന്റെയും ഹദീസിന്റെയും വെളിച്ചത്തിൽ, ഇസ്ലാമിൽ, ചന്ദ്രക്കലദർശനം വളരെ പ്രധാനപ്പെട്ട ഒരു സംഗതി തന്നെയാണ് എന്നത് വളരെ വ്യക്തമാണ്. വിശിഷ്യാ, ഇസ്ലാമിക് കലണ്ടറിന് അല്ലാഹു(ത)യും അവന്റെ പ്രവാചക (സ)യും അംഗീകാരം നൽകിയിരിക്കുകയുമാണ്. അത് തികച്ചും ചന്ദ്രനെ അടിസ്ഥാനപ്പെടുത്തിയുമാകുന്നു. ചന്ദ്ര ദർശനത്തിനെ അടിസ്ഥാനപ്പെടുത്തിയുള്ള ലൂണാർ കലണ്ടർ!

അല്ലാഹു(ത)യുടെ അതിമഹത്തായ അനുഗ്രഹത്താൽ ഈ പറയപ്പെട്ട വളരെ പ്രധാനപ്പെട്ട വിഷയത്തെ സംബന്ധിച്ച്, ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ഇതുസംബന്ധമായി മാർഗദർശനം നല്കുമ്പോൾ, തന്റെ അനുചരന്മാർ വസിക്കുന്ന രാജ്യത്ത് മുസ്ലിം ഐക്യം ഉണ്ടാകണമെന്ന് അദ്ദേഹത്തിന്റെ ചിന്തയിലുണ്ടായിരുന്നു, മനസ്സിലുണ്ടായിരുന്നു.

എന്തത്ഭുതം ! ഇന്ന് ഇതാ ! ഹസ്രത് മുഹമ്മദ് മുസ്തഫ(സ) യുടെ ഉമ്മത്തിതാ വിഭിന്നചേരിയിലായിരിക്കുന്നു. ഐക്യപ്പെടാതിരിക്കുന്നു, ചന്ദ്രദർശനത്തെ സംബന്ധിച്ച് ഓരോ സംഘവും അവര

വരുടേതായ തീരുമാനങ്ങളെടുക്കുന്നു. അത്തരം രാജ്യങ്ങൾ ഏതാണ് പിന്തുടരേണ്ടത്. വീക്ഷണോപകരണങ്ങളുടെ സഹായത്തോടെയുള്ള തീരുമാനത്തെ പിന്തുടരണമോ, അതോ അതിനേക്കാൾ മുന്നിലുള്ള സാങ്കേതിക വിദ്യ ഉപയോഗിക്കണമോ, ബൈനോക്കുലേഴ്സ് അഥവാ ഇനി ടെലസ്ക്കോപ്പ് പോലുള്ളത് ഉപയോഗിക്കണമോ? ചന്ദ്രനെക്കാണാൻ!

ഉമ്മത്തിലെ അനൈക്യം ഇത്തരം അഭിപ്രായവ്യത്യാസങ്ങളിൽ അവരെകൊണ്ടെത്തിച്ചു ഇസ്ലാമിൽ-ഖുർആനോ സുന്നത്തോ-ഒരു സാഹചര്യത്തിലും ഒരുസമയത്തും ഇത്തരം അഭിപ്രായവ്യത്യാസങ്ങൾ നമ്മെ പഠിപ്പിച്ചിട്ടില്ല. എല്ലാ കാര്യങ്ങളും നല്ല നിലയിൽ പോകുവാനാണ് അത് പഠിപ്പിച്ചിരിക്കുന്നത്. സമാധാനത്തോടെ, സൗഹൃദത്തോടെ! ഐക്യത്തോടെ, കൂടി ആലോചനയിലൂടെ ഒരന്തിമതീരുമാനത്തിലെത്തിചേരുക, എല്ലാ മുസ്ലിംകൾക്കു വേണ്ടിയും ഒരു പൊതുവായ നേതാവിലൂടെ! അതിനുവേണ്ടിയാണ് അല്ലാഹു(ത) അവന്റെ മാർഗദർശനം അയ്ക്കുന്നത്! ദൂതനെ അയയ്ക്കുന്നത്! ഖലീഫത്തുല്ലാഹ്‌യെ അയയ്ക്കുന്നത് (ശരീഅത്തില്ലാത്ത പ്രവാചകനെ) കാലാകാലങ്ങളിൽ നിയോഗിക്കുന്നതിലൂടെ മുസ്ലിം ഉമ്മത്തു ഐക്യത്തിലെത്തിച്ചേരുന്നതാണ്, ഇസ്ലാമിലെ എല്ലാ സിദ്ധാന്തങ്ങളിലും/ നിയമങ്ങളിലും, വിശ്വസിക്കുന്നതിനും അതിലൂടെ അവരുടെ നിത്യ ജീവിതത്തിൽ അത് പ്രാവർത്തികമാക്കുന്നതിന് സാധിക്കുന്നതിനു വേണ്ടിയുമാണ്.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ വഫാത്തിനു ശേഷം പൈതൃകം എന്ന നിലയിൽ നമുക്കു ലഭിച്ച ഇഷ്ടദാനത്തിന്, തികച്ചും വിരുദ്ധമായ നിലയിലാണ് ഇന്ന് നാം യഥാർത്ഥത്തിൽ ജീവിച്ചു കൊണ്ടിരിക്കുന്നത്. ഇന്ന്, ഒരു രാജ്യത്തുപോലും, അനേകം ഗ്രൂപ്പുകളാണുള്ളത്. അവർ ഓരോ ഗ്രൂപ്പുകാരും, തങ്ങളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് അവർ തീരുമാനിക്കുന്നു, എപ്പോൾ നോമ്പ് പിടിക്കണം? എപ്പോൾ നോമ്പു പിടിക്കണ്ട? എന്ന്! അങ്ങനെ ഒരേ രാജ്യത്ത് തന്നെ റമദാൻ ആരംഭിക്കുന്നതിനും അവസാനിപ്പിക്കുന്നതിനും വിവിധ തീയതികൾ പ്രഖ്യാപിക്കുന്നു. അതേ തുടർന്ന് ശവ്വാൽ മാസപിറവിയ്ക്കും ഈദാഘോഷത്തിനും

വിവിധ തീയതികൾ!

ഒരു കാര്യം സത്യമാണ്, അതായത് ലോകത്തിലെ ഏഴ് ഭൂഖണ്ഡങ്ങൾ, ഏഷ്യ, യൂറോപ്പ്, നോർത്ത് അമേരിക്ക, സൗത്ത് അമേരിക്ക, ആസ്ട്രേലിയ, ആഫ്രിക്ക, അന്റാർട്ടിക്ക, അവ വളരെ വിസ്തൃതമായ ഭൂപ്രദേശങ്ങൾ തന്നെയാണ്. ചന്ദ്രക്കലാ ദർശനം, ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്കുള്ള ദൂരം, അകലം കണക്കാക്കുമ്പോൾ, വ്യത്യാസങ്ങളുണ്ടാകാം എന്നത് ഒരു വസ്തുതയാണ്. ഒരു രാജ്യത്തു നിന്നും മറ്റൊരു രാജ്യത്തിന്റെ അകലം പരിഗണിക്കുമ്പോഴും, ചന്ദ്രോദയ ദർശനം സമയവ്യത്യാസ്തമാകാം അതുകൊണ്ടാണ്, ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ ജീവിതകാലത്ത് തന്നെ, ഐക്യത്തിന് ഊന്നൽ നല്കിയിട്ടുള്ളതും, റമദാൻ മാസത്തിനായുള്ള ചന്ദ്രക്കലാദർശനം ഉണ്ടായാൽ അഥവാ മറ്റേതെങ്കിലും മാസത്തിനു വേണ്ടിയാകട്ടെ, പ്രസ്തുത പ്രദേശത്തുള്ള മുസ്ലിംകൾ എല്ലാവരും തന്നെ, ഒരുമിച്ച് വ്രതാരംഭം കുറിക്കുകയും ഒരുമിച്ച്, വ്രതാനുഷ്ഠാനം അവസാനിപ്പിക്കുകയും ചെയ്യേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുള്ളത്.എന്നാൽ വളരെ വളരെ ദൂരങ്ങളിലുള്ള മുസ്ലിംങ്ങൾ അഥവാ മറ്റു രാജ്യങ്ങളിലുള്ള മുസ്ലിംകൾ അവർ തങ്ങളുടെ രാജ്യത്ത് ദൃശ്യമായ ചന്ദ്രപിറവി അടിസ്ഥാനമാക്കി ഒത്തുരമയോടെ അതനുസരിച്ച് വ്രതാനുഷ്ഠാനത്തിന് തുടക്കം കുറിക്കുകയും അവസാനിപ്പിക്കുകയും ചെയ്യേണ്ടതാണ്.

കാലം മുന്നോട്ട് ഗമിക്കുമ്പോൾ, ലോകം പുതിയ, ആധുനിക നൂറ്റാണ്ടുകളിലേക്ക് പ്രവേശിക്കുമ്പോൾ ഭൂഖണ്ഡങ്ങളിലുള്ള പ്രദേശങ്ങളെ വ്യക്തമായി നിർവചിക്കപ്പെടുന്നതാണ്. ഓരോ സംസ്ഥാനത്തിനും പ്രത്യേകം പ്രത്യേകം ഭരണകൂടങ്ങൾ ലഭ്യമാകുന്നതാണ്. അവർക്ക് പ്രസ്തുത സ്റ്റേറ്റിന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യുവാനുള്ള സ്വാതന്ത്ര്യവും ഉണ്ടായിരിക്കും. വിശിഷ്യാ ഇസ്ലാമിനെ സംബന്ധിച്ച്, അവരുടെ ജീവിതത്തിൽ ഇസ്ലാമിന്റെ തത്വങ്ങൾ പ്രവർത്തിപഥത്തിൽ കൊണ്ടു വരുന്നതിന് സ്വതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ അത്ഭുമെന്ന് പറയട്ടെ! ഇപ്പോഴും പുതിയ ഗ്രൂപ്പുകൾ ഇസ്ലാമിൽ ദിവസവും ആവർഭവിച്ചുകൊണ്ടിരിക്കുന്നു. ഓരോ ദിവസം പിന്നിടുന്തോറും അവർ തമ്മിലുള്ള അകലം കൂടികൊണ്ടിരി

ക്കുകയാണ്. എന്നാൽ പരസ്പരം ഒരു കൂടിആലോചനയും നടത്തുന്നില്ല. മുസ്ലിമിന്റെ നന്മയ്ക്കു വേണ്ടി ശക്തമായ തീരുമാനങ്ങൾ എടുക്കുന്നതിനുവേണ്ടി മുസ്ലിം സമുദായം ഒറ്റ സംഘമായി പ്രവർത്തിക്കുന്നില്ല. വിശുദ്ധ ഖുർആന്റെ കല്പനകൾക്ക് അവർ അനുയോജ്യമായി പ്രവർത്തിക്കുന്നുമില്ല.

അതുകൊണ്ടാണ്, ഈയിടയായി, അനേകം തർക്കങ്ങൾ ഉയർന്നു വരുന്നത്. വിശിഷ്യാ, ഇൻഡ്യപോലുള്ള വലിയ ഒരു രാജ്യത്ത്, അഥവാ ആഫ്രിക്കാ പോലുള്ള ഒരു രാജ്യത്ത്, ആരെയാണ് യഥാർത്ഥ ദർശനം സംബന്ധിച്ച് ആശ്രയിക്കേണ്ടത്. റമദാൻ വ്രതം ആരംഭിക്കുവാനായി റമദാൻ വ്രതം അവസാനിപ്പിക്കുവാനായി! ഈദുൽഫിത്ർനായി ശവ്വാൽമാസത്തെ സ്വാഗതമോതുവാൻ ആരെയാണ് ആശ്രയിക്കേണ്ടത്?

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ കാലഘട്ടങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, ഒരു കാര്യം സത്യമാണ്, ശാസ്ത്രത്തിന്റെ കണ്ടെത്തലുകളും, ചന്ദ്രനകുറിച്ചുള്ള പഠനവും, ഇന്ന് കാര്യങ്ങൾ കൂടുതൽ സുവ്യക്തങ്ങളാക്കിയിട്ടുണ്ട്. കാര്യങ്ങൾ അങ്ങനെ ഒക്കെ ആണെങ്കിലും, ചന്ദ്രനെകുറിച്ചുള്ള ഓരോ അവസ്ഥയിലുമുള്ള കണക്കുകൂട്ടലുകൾ, ലഭ്യമാണെങ്കിലും, നാം റമദാനു വേണ്ടി നമ്മുടെ നഗ്നനേത്രങ്ങൾക്കൊണ്ട കാണുന്ന ചന്ദ്രദർശനം, ആയിരക്കണക്കിനുള്ള കണക്കുക്കൂട്ടലുകളെക്കാൾ മൂല്യവത്തായതാണ്-നഗ്നനേത്രങ്ങൾകൊണ്ട് കാണുന്നതാണ് യഥാർത്ഥ ദർശനം! അവന്റെ ഓരോ ദാസന്റെയും ഉദ്ദേശവും കാഴ്ചയും അല്ലാഹു(ത) നന്നായി അറിയുന്നുണ്ട്. റമദാനു വേണ്ടിയും ശവ്വാലിനു വേണ്ടിയുമുള്ള ചന്ദ്രദർശനത്തെക്കുറിച്ചുള്ള സാക്ഷ്യങ്ങളും അവനറിയുന്നു. അതോടൊപ്പം മറ്റു ഇസ്ലാമിക് മാസങ്ങളുടെയും ഓരോ വർഷത്തെയും ഇസ്ലാമിക് കലണ്ടർ നിർമ്മാണത്തിന് വളരെയധികം പ്രാധാന്യമുള്ളതാണ്. ഈ ചന്ദ്രക്കാലദർശനം ചുരുക്കത്തിൽ ഇപ്പോൾ നിലവിലുള്ള കലണ്ടർ നിർമ്മാണത്തിന്, ചന്ദ്രക്കല ദർശനം അവിഭാജ്യ ഘടകമാകുന്നു.

ഓരോ ചാന്ദ്രിക മാസത്തിന്റെയും ആരംഭത്തിൽ ദൃശ്യമാകുന്ന പുതിയ ചന്ദ്രക്കല, ഇന്ന് ഇസ്ലാമിക് കലണ്ടർ നിർമ്മാണത്തിന് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ എല്ലാ മുസ്ലിംകൾക്കും നല്കിയിരിക്കു

ന്നു. അല്ലാഹു(ത) അവന്റെ ദൂതൻ ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ആ കാര്യത്തിനായി ഈ, എളുപ്പവഴി, തുറന്നിട്ടിരിക്കുന്നത് എത്ര അനുഗ്രഹപ്രദമായിരിക്കുന്നു.

ഇസ്ലാമിൽ വളർന്നു വന്നിരിക്കുന്ന, ഇതു സംബന്ധമായ, എല്ലാ കുഴപ്പങ്ങൾക്കും പരിഹാരമായി, ഈ വിഷയത്തിൽ, എന്റെ എല്ലാ അനുചരന്മാർക്കും, ബാക്കിയുള്ള ഉമ്മത്തിനും ചില മാർഗനിർദ്ദേശങ്ങൾ നല്കുകയാണ്

## Country Wise / രാജ്യങ്ങൾ തോറും

ഒരു രാജ്യം അഥവാ ഒരു ദ്വീപ് ചെറുതാണെങ്കിൽ, മൗറിഷ്യസിനെപോലെ, ചന്ദ്രദർശനം എളുപ്പമുള്ള കാര്യമാണ്. അപ്പോൾ ഒരിക്കൽ നഗ്നനേത്രങ്ങൾ കൊണ്ട് ചന്ദ്രക്കല ദർശിച്ചാൽ (അഥവാ ആവശ്യമുണ്ടെങ്കിൽ-വലിയ കാര്യങ്ങളിൽ-ബൈനകുലേഴ്സോ, ടെലസ്ക്കോപ്പോ ചന്ദ്രക്കല ദർശനത്തിനുപയോഗിക്കാവുന്നതാണ്.)

ദൈവത്തെ ഭയപ്പെടുന്ന ഏതൊരു മുസ്ലിമും ആയിക്കൊള്ളട്ടെ, (അദ്ദേഹം ഏതു ജമാഅത്തിൽപ്പെടുന്ന ആളോ ആയിക്കൊള്ളട്ടെ)അയാൾ മുസ്ലിം ആണ്) അയാൾ അല്ലാഹുവിന്റെ നാമത്തിൽ ശപഥം ചെയ്തു പറഞ്ഞാൽ, അത് ഉറപ്പിക്കുന്നതിനായി രണ്ടു പേരെ സാക്ഷി നിർത്തിയാൽ, പുതിയ ഇസ്ലാമിക് മാസത്തിന്റെ പ്രാരംഭമായി (സൂര്യാസ്തമയ ശേഷം പുതിയ മാസം ആരംഭിക്കുന്നതാണ്) അക്കാര്യം സ്ഥിരപ്പെട്ടിരിക്കുന്നു.

## State Wise/ District Wise/സംസ്ഥാനതലത്തിൽ/ജില്ലാതലത്തിൽ

ഇൻഡ്യയെപോലെ വളരെ വിസ്തൃതമായ ഭൂപ്രദേശത്ത്, രാജ്യത്ത്, അത് ജില്ലാകളാലും, സംസ്ഥാനങ്ങളാലും വേർതിരിക്കപ്പെട്ടിരിക്കുന്നു, പ്രത്യേക ജില്ലയിലോ, സംസ്ഥാനത്തോ ചന്ദ്രക്കലദർശനം ഉണ്ടായേക്കാം. ഉദാഹരണമായി പറഞ്ഞാൽ, കേരളത്തിൽ, ചന്ദ്രക്കല ദർശനം ഉണ്ടായി എന്ന് കരുതുക, ചന്ദ്രദർശനം സംബന്ധമായി സ്ഥിരീകരണമുണ്ടായാൽ, റമദാൻ വ്രതം പ്രഖ്യാപിക്കാൻ, സ്ഥിരീകരണമുണ്ടായാൽ, റദാൻ വ്രതം പ്രഖ്യാപിച്ചാൽ, കേരളത്തിലെ എല്ലാ മുസ്ലിംകളും വ്രതമനുഷ്ഠിക്കേണ്ടതാണ്. ഖാത്തമുന്നബിയ്യീനായ ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ ആഗ്രഹങ്ങളിൽ നിന്നും, ആശയങ്ങളിൽ നിന്നും വളരെ വിദൂരത്തിലായി

രിക്കുന്നു ഇന്ന് മുസ്ലിങ്ങൾ എന്ന് ഞാൻ മനസ്സിലാക്കുന്നു. സത്യം അതുതന്നെയാണ്. ഇന്നത്തെ സാഹചര്യത്തിൽ, കേരളത്തിലെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങൾ ചന്ദ്രക്കലാദർശനം ഉണ്ടായി എന്ന് വ്യക്തമായ അറിവ് ലഭിച്ചുകഴിഞ്ഞാൽ, അല്ലാഹുവിന്റെ പേരിൽ അവർ അക്കാര്യം തറപ്പിച്ചുപറഞ്ഞാൽ, സാക്ഷ്യം പറഞ്ഞാൽ, അവർ റമദാൻ വ്രതാരംഭം കുറിക്കേണ്ടതാണ്, തമിഴ്നാട്ടിലും ഇക്കാര്യം ഇതേ രീതിയിൽ പ്രയോഗികമാക്കാവുന്നതാണ്. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിലും ഇത് നടപ്പിലാക്കാവുന്നതാണ്.

ഏതെങ്കിലും ഒരു സംസ്ഥാനത്തോട് ചേർന്ന് ഒരു വലിയ പ്രദേശമുണ്ടെങ്കിൽ, ഉദാഹരണമായി പറഞ്ഞാൽ, തമിഴ്നാട്, അത് തമിഴ്നാടിനേക്കാളും കേരളത്തോട് ചേർന്നു കിടക്കുകയാണെങ്കിൽ (ഉദാഹരണത്തിന് കോട്ടാർ) അല്ലെങ്കിൽ തമിഴ്നാട് കേരള അതിർത്തിയുമായി കൂടുതൽ ചേർന്ന് കിടക്കുകയാണെങ്കിൽ, അതായത് രണ്ട് സംസ്ഥാനങ്ങൾ- (ഉദാഹരണമായി പറഞ്ഞാൽ കളീക്കവിള) അപ്പോൾ മുസ്ലിംകൾക്ക്, വിശിഷ്യാ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങൾക്ക്, റമദാൻ ആരംഭിക്കാവുന്നതാണ്, കാരണം ചന്ദ്രക്കല ദർശനം ഉണ്ടായി എന്ന് അവർക്ക് അവിടെ അറിവ് കിട്ടിക്കഴിഞ്ഞിരിക്കുന്നു.

ചന്ദ്രദർശനം കേരളത്തിലാണ് ആദ്യം കണ്ടതെങ്കിൽ, അവർ വ്രതമനുഷ്ഠിക്കട്ടെ, അതല്ല തമിഴ്നാട്ടിലാണ് ആദ്യം കണ്ടതെങ്കിൽ, അവർ വ്രതമനുഷ്ഠിക്കട്ടെ, എന്നാൽ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങളുടെ കാര്യത്തിൽ, അവർക്കിടയിൽ ഒരു സംയോജനമുണ്ടായിരിക്കണം അങ്ങനെ ആയാൽ (ആ പ്രദേശത്തുള്ള) ഓരോരുത്തർക്കും ഒരേസമയത്ത് വ്രതാരംഭംകുറിക്കുവാനും സ്വലാത്തുൽ ഈദും ഒരേ സമയത്ത് നിർവ്വഹിക്കുവാനും കഴിയുന്നതാണ്.

എന്റെ വ്യക്തിപരമായ അനുഭവങ്ങൾ ഈ അവസരത്തിൽ പങ്കുവെയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുയാണ്. അഹ്മദിയ മുസ്ലിം മിഷന്റെ ഒരു മിഷണറിയായി ഞാൻ റോഡ്റിഗ്യൂസ് ദ്വീപിൽ ജോലി ചെയ്യുമ്പോൾ, അതൊരു തികച്ചും വേറിട്ട ദ്വീപാണെങ്കിലും മൗറിഷ്യസിന്റെ ഒരു ജില്ലയായി, റോഡ്റിഗ്യൂസ് ചേർന്നു നില്ക്കുന്നതാണ്.

അതിനാൽ റമദാൻ മാസപിറവിയോ, ശവ്വാൽ മാസപിറവിയോ

മൗറിഷ്യസിൽ കണ്ടതായി ഞാൻ അറിഞ്ഞാൽ ഞാൻ അതനുസരിച്ച് വ്രതമനുഷ്ഠിക്കുകയും, പെരുന്നാൾ ആഘോഷിക്കുകയും ചെയ്തിരുന്നു. കാരണം റോഡ്‌റിഗ്യൂസ് മൗറിഷ്യസിന്റെ ഭാഗമാണ്. എന്നാൽ ഞാൻ റീ യൂണിയൻ ദ്വീപിൽ ജോലിചെയ്യുമ്പോൾ റോഡ്‌റിഗ്യൂസിനെക്കാൾ മൗറിഷ്യസിനോട് ചേർന്നു നില്ക്കുന്നതാണെങ്കിലും, ഈ കാര്യത്തിൽ വ്രതമനുഷ്ഠാനത്തിനും പെരുന്നാളിനായും ഞാൻ മൗറിഷ്യസിനെ ആശ്രയിക്കില്ലായിരുന്നു. ഇപ്പോഴും ആശ്രയിക്കുന്നില്ല. അതുകൊണ്ട് തന്നെ വ്രതാനുഷ്ഠാനവും പെരുന്നാളും മൗറിഷ്യസിൽ നിന്ന് റീയൂണിയൻ ദ്വീപിൽ വ്യത്യാസപ്പെടാം.

എന്റെ വിനീതമായ പ്രാർത്ഥന ഇതാണ്. എന്റെ ആശംസയും ഇതുതന്നെ. ഇൻശാ അല്ലാഹ് ഭാവിയിൽ, അല്ലാഹു (ത) ശരിയായ അറിവ് പ്രദാനം ചെയ്യുന്നതാണ്, നമ്മുടെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ പ്രാപ്തമാക്കുന്നതുമാണ്, അതിന്റേതായ ഹിലാൽ കമ്മിറ്റി ഉണ്ടായിവരുന്നതാണ്. (ഓരോ രാജ്യത്തും അഥവാ സംസ്ഥാനത്തും) അങ്ങനെ നമ്മുടെ അംഗങ്ങൾ തന്നെ ചന്ദ്രനെ ദർശിക്കുന്നതും (കുറഞ്ഞത് ദൈവഭക്തരായ മൂന്ന് പേർ ഒരാൾ ചന്ദ്രനെ കണ്ടതായി സത്യം ചെയ്യുന്നതും രണ്ടു പേർ അത് സാക്ഷ്യം വഹിക്കുന്നതുമാണ്). അത് സംസ്ഥാന തലത്തിലോ, ജില്ലാതലത്തിലോ, അല്ലെങ്കിൽ രാജ്യാടിസ്ഥാനത്തിലോ തീരുമാനിക്കപ്പെടുകയും സഹീഹിൽ ഇസ്ലാം അംഗങ്ങൾ എല്ലാവരും പുതിയ ഇസ്ലാമിക് മാസത്തിന് തുടക്കമിടുകയും ചെയ്യുന്നതാണ്.

ഉദാഹരണമായി പറഞ്ഞാൽ തമിഴ്നാട്ടിലുള്ള ഒരു സഹീഹിൽ ഇസ്ലാം അംഗം റമദാൻ മാസത്തിനായുള്ള ചന്ദ്രപിറവി ദർശിക്കുകയാണെങ്കിൽ, അതിന് രണ്ടു സാക്ഷികളെയും ഹാജരാക്കിയാൽ, പ്രസ്തുത വാർത്ത ശരിയാണെന്ന, ഉറപ്പിക്കുവാനായി, അല്ലാഹുവിന്റെ നാമത്തിൽ സത്യം ചെയ്യുകയും ചെയ്താൽ അപ്പോൾ തമിഴ്നാട്ടിലെ മുഴുവൻ ജമാഅത്ത് അംഗങ്ങളും റമദാൻ വ്രതം അനുഷ്ഠിക്കപ്പെടേണ്ടതാണ്. ഒരുമിച്ച് വ്രതാനുഷ്ഠാനം മുറിക്കേണ്ടതുമാണ്, ഈദാഘോഷവും ഒരുമിച്ച് ആചരിക്കേണ്ടതാണ്. (അവരുടെ വിവിധങ്ങളായ സ്ഥലങ്ങളിൽ) രണ്ടു സംസ്ഥാനങ്ങളുടെയും

ബോർഡറിൽ കഴിയുന്നവർ, രണ്ടു സംസ്ഥാനങ്ങളിൽ ആദ്യം ചന്ദ്ര പിറവി കണ്ടടുത്ത് റമദാൻ വ്രതം ആരംഭിക്കേണ്ടതാണ്, കാരണം ഞാൻ പലപ്പോഴും ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്.

ഒരു ഇസ്ലാമിക മാസം 30 ദിവസത്തിൽ കൂടുതൽ ഉണ്ടാവുകയില്ല. ഒന്നുകിൽ 29 ദിവസം അല്ലെങ്കിൽ 30 ദിവസം റമദാനോ അല്ലെങ്കിൽ മറ്റേതെങ്കിലും മാസമോ 28 ദിവസമോ അല്ലെങ്കിൽ 31 ദിവസമോ ആവുകയില്ല.

## THE IDEAL ISLAMIC SITUATION / മാതൃകാപരമായ ഇസ്ലാമിക സാഹചര്യം.

എന്റെ വ്യക്തിപരമായ വീക്ഷണത്തിൽ ഞാൻ ആഗ്രഹിക്കുന്നതും, അത്യാവശ്യമായി കരുതുന്നതും അതായത് ഉദയസമയത്തിൽ നാം ഏകാഭിപ്രായക്കാരായാൽ മുസ്ലിംകൾ എല്ലാവർക്കും ഓരോ രാജ്യത്തിനും (അത് വലിയ രാജ്യമാകട്ടെ, ചെറിയ രാജ്യമാകട്ടെ,) ഉദാഹരണത്തിന് ഇൻഡ്യ, ഒരു രാജ്യത്തിലുള്ള എല്ലാവരും, അതിരുകളോ, ജില്ലകളോ, സംസ്ഥാനങ്ങളോ വ്യത്യാസമില്ലാതെ, ഒരു ഇസ്ലാമിക് കലണ്ടർ പിന്തുടരേണ്ടതാണ്. കാരണം ഇത് ഒരു രാജ്യം തന്നെയാണ്. ദൈവഭയമുള്ള ഒരു മുസ്ലിം ഒരിക്കൽ ഒരു പുതുചന്ദ്രപിറവി ദർശിച്ചാൽ, ഇൻഡ്യാ ഗവർണമെന്റിന്റെ സഹകരണത്തോടെ, അതു പ്രഖ്യാപിക്കുവാൻ കഴിയും. ഒരു വ്യക്തി അല്ലെങ്കിൽ ഒരു സംസ്ഥാനം പുതിയ ചന്ദ്രപിറവി ദർശിച്ചിരിക്കുന്നു. അതു കൊണ്ട് പുതിയ ഇസ്ലാമിക മാസത്തിന് തുടക്കം കുറിക്കാവുന്നതുമാണ്. അങ്ങനെ ഇൻഡ്യയിലെങ്ങും (ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും) ഈദുൽഫിത്റും ഈദുൽ അദ്ഹായും ഒരേ ദിവസം ആഘോഷിക്കുവാൻ കഴിയുന്നതാണ്. ഇതുതന്നെയാണ് മാതൃകപരമായ രീതി. ഒരു രാജ്യത്തെ മുസ്ലിംകൾ റമദാൻ ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും ഒരേ ദിവസം തന്നെ ആയിരിക്കണം അത്. പ്രാദേശികമായി അനൈക്യം സൃഷ്ടിക്കാൻ പാടില്ല. ഒരു രാജ്യത്തെ രണ്ട് ദിവസം വ്രതാനുഷ്ഠാനം ആരംഭിക്കുന്നതും രണ്ടു ദിവസം പെരുന്നാൾ, ആഘോഷിക്കുന്നതും ഒരിക്കലും ഇസ്ലാമിക ഐക്യത്തിന് ഭൂഷണമല്ല. പ്രസ്തുത ആഘോഷങ്ങളൊക്കെ തീരുമാനിക്കപ്പെടുന്നത് ചാന്ദ്രികമാസ കലണ്ടറിന്റെ അടിസ്ഥാന

ത്തിലാണ്. അത് ഒരു രാജ്യത്ത് ഒരേ ദിവസം തന്നെ ആകട്ടെ അതാണ് മാതൃകാപരമായ പ്രവർത്തി. വിവാഹിതരായിരിക്കുന്ന ഭാര്യാ ഭർത്താക്കന്മാർ രണ്ടും ജമാഅത്തിലായിരിക്കുന്നത് ഒരിക്കലും ഒരു സുന്ദരമായ കാര്യമല്ല. ഓരോരുത്തർക്കും അവരവരുടേതായ വ്രതാനുഷ്ഠാന ദിനവും, ഈദാഘോഷവും ആവുന്നത് ഒരിക്കലും അഭികാമ്യമല്ല. ഐക്യത്തിലെത്തിച്ചേരുകയാണെങ്കിൽ, ഇൻഡ്യമൊത്തത്തിൽ ഒരേ സമയത്ത് വ്രതാനുഷ്ഠാനം തുടങ്ങാം, ഇത് തികച്ചും മാതൃകാപരമായ ഒരു പ്രവർത്തിയാണ്. അങ്ങനെ ഇൻഡ്യയ്ക്ക് അതിന്റേതായ മഹോന്നതമായ ഇസ്ലാമിക് കലണ്ടർ ഉണ്ടാകുന്നതാണ്. ഇൻശാ അല്ലാഹ്!

ആയതിനാൽ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളിൽ ഐക്യത അനിവാര്യമാണ്. റമദാൻ ആരംഭിക്കുന്നതിനും പെരുന്നാളാഘോഷത്തിനും! അവിടെയാണ് ഓരോ രാജ്യത്തിനും ഒരു നേതാവുണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത അനിവാര്യമാകുന്നത്. അവിടെ ഒരു അമീർ ഉണ്ടായിരിക്കണം. അദ്ദേഹവും അദ്ദേഹത്തിന്റെ കീഴിൽ ഉത്തരവാദപ്പെട്ടവരും ചന്ദ്രക്കലാദർശനത്തിനു ശേഷം, സുന്നത്തനുസരിച്ച് മാസത്തിന്റെ തുടക്കവും ഒടുക്കവും തീരുമാനിക്കട്ടെ!

## EXCEPTIONS/ഒഴിവാക്കൽ

ചന്ദ്രനെകണ്ടെത്തുവാൻ, യഥാർത്ഥത്തിൽ അസാധ്യമായ രാജ്യങ്ങളുണ്ടെങ്കിൽ, അത്തരം ഒഴിവാക്കപ്പെടേണ്ട് സാഹചര്യത്തിൽ നൂതന സാങ്കേതിക വിദ്യ ഈ കാര്യത്തിൽ ഉപയോഗപ്പെടുത്താവുന്നതാണ്. എന്നിട്ട് ചന്ദ്രപിറവി തീരുമാനിക്കാവുന്നതാണ്. ചന്ദ്രനെ ദർശിക്കാൻ കഴിയുന്ന സാധ്യത വെളിപ്പെടുത്താവുന്നതാണ്. അതിനെ വ്യക്തമായി കാണാൻ കഴിയുന്ന സമയം വെളിപ്പെടുത്താവുന്നതാണ്. ഇനി അത്തരം രാജ്യങ്ങൾ ഇത്തരം സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ, അവർക്ക് ചന്ദ്രദർശനം ഉണ്ടായതായുള്ള ഉറപ്പായ റിപ്പോർട്ടുകളെ അവലംബമാക്കാവുന്നതാണ്. (ഇസ്ലാമിക് കലണ്ടറിലെ പുതുമാസത്തിന്റെ പുതിയ ചന്ദ്രപിറവിയെ അവലംബമാക്കാവുന്നതാണ്) അവരുടെ ഏറ്റവും അടുത്തുള്ള അയൽപക്കത്തുള്ള സംസ്ഥാനത്തിന്റെയോ അഥവാ രാജ്യത്തി

ന്റെയോ റിപ്പോർട്ടുകളെ അവലംബമാക്കാവുന്നതാണ്.

ഞാൻ മുൻപ് പറഞ്ഞതുപോലെ, എല്ലാവരും ഇസ്ലാമിന്റെ പേരിൽ ഒരു സംഘമായി സംയോജിക്കേണ്ടതാണ്. ശരിയായ ഇസ്ലാം അംഗങ്ങൾ ഒരുമിച്ചു വ്രതാരംഭം കുറിക്കുകയും ഒരുമിച്ചു വ്രതാനുഷ്ഠാനം അവസാനിപ്പിക്കുകയും ഒരുമിച്ച് ഈദ് നമസ്ക്കാര പ്രാർത്ഥനയിൽ പങ്കുകൊള്ളേണ്ടതുമാകുന്നു. അതെ, ഇതാണ് എന്റെ വിനീതമായ ആഗ്രഹവും പ്രാർത്ഥനയും. മുസ്ലിം സമുദായം മുഴുവൻ ഒരുമിച്ച് ഒരു ഐക്യസമുദായമായി നിലകൊള്ളണം, നിങ്ങൾ അത്തരം തഖ്‌വ കൈക്കൊള്ളണം, അതു നിങ്ങളുടെ ഹൃദയങ്ങളിൽ നിലനില്ക്കണം, അതു നിങ്ങളുടെ തലമുറകളിലും നിലനില്ക്കണം, ഇത് വിധിനാൾവരേയും തുടരേണ്ടതാണ്, ഏറ്റവും ശരിയായ വഴിയിൽ! അത്തരം ഒരു തീരുമാനം ഖുർആനിന്റെയും സുന്നത്തിന്റെയും നിയമങ്ങളെ നിരാകരിക്കാത്തനിലയിൽ എടുക്കേണ്ടതായിട്ടുണ്ട്. ഖുർആനും സുന്നത്തും അംഗീകരിച്ചുകൊണ്ട്! നിങ്ങൾ എടുക്കുന്ന തീരുമാനങ്ങളിൽ അല്ലാഹു(ത)യുടെ അനുഗ്രഹങ്ങൾ ഉണ്ടാകുന്നതാണ്, അതുമായി നിങ്ങൾക്ക് മുന്നോട്ടു പോകുവാനും സാധിക്കുന്നതാണ്. ഇൻശാ അല്ലാഹ്! ആമീൻ

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എന്റെ എല്ലാ അനുചരന്മാരെയും അല്ലാഹു(ത) അനുഗ്രഹിക്കട്ടെ, ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ മുഴുവൻ ഉമ്മത്തിനെയും അനുഗ്രഹിക്കട്ടെ! നമുക്കെല്ലാപേർക്കും ഒരു യഥാർത്ഥ ഇസ്ലാമിക സംഘമായി ഐക്യപ്പെടുവാൻ കഴിയട്ടെ! അതിലൂടെ അല്ലാഹു(ത)യുടെ സംപ്രീതി നമ്മളിലെല്ലാം വർഷിക്കട്ടെ! ഇൻശാ അല്ലാഹ് ! ആമീൻ! റമദാൻ മുബാറക്ക്!

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*